പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 320 — 11.06.2013 ൽ മറുപടിക്ക്

# പുതിയ വൈദ്യുത പദ്ധതികൾ

ചോദ്യം

ശ്രീ. കെ.സുരേഷ് കുറുപ്പ്.

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഏതെങ്കിലും പുതിയ വൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ച് അതിൽ നിന്നും വൈദ്യുതി ഉല്പാദനം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏത് പദ്ധതിയാണെന്നും നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നത് എപ്പോഴായിരുന്നുവെന്നും നിർമ്മാണം ആരംഭിച്ചതും ഉല്പാദനം തുടങ്ങിയതും ഏത് തീയതിയയിലാണെന്നും പുതുതായി എത്ര മെഗാവാട്ട് ഉൽപാദന ശേഷിയാണ് സ്ഥാപിക്കപ്പെട്ടതെന്നും വ്യക്തമാക്കുമോ?

(എ) യും (ബി)യും

ഈ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

| | | | |
|---|---|---|---|
| 1. | പെരുന്തേനരുവി | SHEP | 6 MW |
| 2. | ചിമ്മിനി | SHEP | 2.5 MW |
| 3. | വെള്ളത്തൂവൽ | SHEP | 3.6MW |
| 4. | ആഡ്യൻപാറ | SHEP | 3.5 MW |

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിക്കുവാൻ 24 മുതൽ 36 മാസം വരെ കാലാവധി ആവശ്യമാണ്. മുകളിൽ പറയുന്ന 4 പദ്ധതികളുടെയും നിർമ്മാണം പുരോഗമിച്ച് വരുന്നു.

1. 4.5 MW (3 MW + 1.5 MW) സ്ഥാപിതശേഷിയുള്ള ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ അവസാന ഘട്ടമായ 1.5 MW (ഇടുക്കി ജില്ല).

(.....2)

2. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡോടുകൂടി 1 കിലോ വാട്ട് ശേഷിയുള്ള 4 പീക്കോ ജലവൈദ്യുത പദ്ധതികൾ അടിമാലിയ്ക്കടുത്ത് കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ടം 1.5 MW സ്ഥാപിതശേഷിയുള്ളത്.

25.05.2011 ൽ സർക്കാർ ഉത്തരവ് (G.O. (RT) No.117/2011/PD പ്രകാരം പദ്ധതി അലോട്ട് ചെയ്തു.
22.09.2011 ൽ സപ്ലിമെന്ററി ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് സർക്കാരുമായി ഒപ്പുവച്ചു.
04.04.2012 ൽ KSEB ഗ്രിഡുമായി Synchronise ചെയ്തു.
10.04.2012 ൽ C.O.D (Commercial date of operation) നടത്തി.

സെക്ഷൻ ഓഫീസർ